"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 184/06 നമ്പർ കേസ് - അദാലത്തിൽ ഒത്തുതീർപ്പായ തുക - 4217-60-800-93 (Plan) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.533/2025/LSGD** **തീയതി, തിരുവനന്തപുരം, 22-02-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 184/06 നമ്പർ കേസിന്മേലുള്ള 15/10/2008-ലെ വിധിന്യായം.
2. സ.ഉ.(പി) നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 16/11/2024-ലെ DCTVM/6345/2024-K9 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 18/11/2024-ലെ എ3/1457/2017/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. തിരുവനന്തപുരം സബ് കോടതിയിൽ 09/11/2024-ൽ സംഘടിപ്പിച്ച ലോക് അദാലത്തിൽ തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി 0.18 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. മത്തായി മാത്യു മുതൽപേർ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 184/06 നമ്പർ കേസ് പരിഗണിക്കുകയും 09/11/2024 വരെയുള്ള ബാലൻസ് വിധികടത്തുകയായ 19,28,775/- രൂപ (പത്തൊമ്പത് ലക്ഷത്തി ഇരുപത്തെട്ടായിരത്തി എഴുന്നൂറ്റി എഴുപത്തഞ്ച് രൂപ മാത്രം), ആറുമാസത്തിനകം തുക കോടതിയിൽ ഒടുക്കണമെന്ന നിബന്ധനയോടെ ഒത്തുതീർപ്പിലെത്തിയിട്ടുണ്ടെന്നും ആയതിൻ പ്രകാരം 19,28,775/- രൂപ (പത്തൊമ്പത് ലക്ഷത്തി ഇരുപത്തെട്ടായിരത്തി എഴുന്നൂറ്റി എഴുപത്തഞ്ച് രൂപ മാത്രം) അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2786/C1, 2786/C2-1 എന്നിവയിൽൽപ്പെട്ട 0.18 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 184/2006 നമ്പർ കേസിലെ, 09/11/2024-ലെ ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ, 19,28,775/- രൂപ (പത്തൊമ്പത് ലക്ഷത്തി ഇരുപത്തെട്ടായിരത്തി എഴുന്നൂറ്റി എഴുപത്തഞ്ച് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. മത്തായി മാത്യു, ശ്രീമതി ശോശാമ്മ മാത്യു, ശ്രീ. റോയി എം. മാത്യു, ശ്രീമതി നിസ്സി മാത്യു ശ്രീമതി സരസമ്മ മാമൻ, ശ്രീമതി ഷേർളി മാത്യു എന്നിവർക്ക് 4217-60-800-93 Payment of Compensation in LAR cases എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. മത്തായി മാത്യു, മുത്തൂറ്റ് ഹൗസ്, കോഴഞ്ചേരി, പത്തനംതിട്ട 689 641 (തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന).
ശ്രീമതി ശോശാമ്മ മാത്യു, മുത്തൂറ്റ് ഹൗസ്, കോഴഞ്ചേരി, പത്തനംതിട്ട 689641 (തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന).
ശ്രീ. റോയി എം. മാത്യു, മുത്തൂറ്റ് ഹൗസ്, കോഴഞ്ചേരി, പത്തനംതിട്ട 689 641 (തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന).
ശ്രീമതി നിസ്സി മാത്യു, മുത്തൂറ്റ് ഹൗസ്, കോഴഞ്ചേരി, പത്തനംതിട്ട 689 641 (തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന).
ശ്രീമതി സരസമ്മ മാമൻ, മുത്തൂറ്റ് ഹൗസ്, കോഴഞ്ചേരി, പത്തനംതിട്ട 689 641 (തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന).
ശ്രീമതി ഷേർളി മാത്യു, മുത്തൂറ്റ് ഹൗസ്, കോഴഞ്ചേരി, പത്തനംതിട്ട 689 641 (തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/186/2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 24-02-2025 14:01:47
സെക്ഷൻ ഓഫീസർ